## പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 318 | 28.01.2019 ൽ മറുപടിയ്ക്ക് |
|---|---|
| **മാതൃക അങ്കണവാടി പദ്ധതി** | |
| ചോദ്യം | മറുപടി |
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) എല്ലാ ജില്ലകളിലും ഒരു മാതൃക അങ്കണവാടി നിർമ്മിക്കുന്നതിനുളള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ അങ്കണവാടികളെ കാലോചിതമായി പരിഷ്കരിക്കുന്നതിനും അവയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അവ ശിശു സൗഹൃതമാക്കുന്നതിനുമായി മോഡൽ അങ്കണവാടി രൂപീകരിക്കുന്നതിനായി കരിക്കുലം ബേസ്ഡ് മോഡൽ തയ്യാറാക്കുന്നതിന് CDC, നോഡൽ ഏജൻസിയായുള്ള 5 അംഗ കമ്മിറ്റിയോട് നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ CDC പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അങ്കണവാടി നിർമ്മിക്കുന്നതിനായി 10 സെന്റോ അതിലധികമോ ഉള്ള അങ്കണവാടികളുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 140 അങ്കണവാടികളിൽ പരീക്ഷണാടിസ്ഥാനത്തിൽ മോഡൽ അങ്കണവാടി നിർമ്മാണം പൂർത്തിയാക്കുന്നതിനും പിന്നീട് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാമെന്നും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിനായി ചൈൽഡ് ഡവലപ്മെന്റ് സെന്റർ തയ്യാറാക്കിയ റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയാണ്; | (ബി) 1. മോഡൽ അങ്കണവാടിക്കായി പ്രധാനമായും 5 തരത്തിലുള്ള അങ്കണവാടികളുടെ മോഡൽ പ്രൊപ്പോസലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 1½ സെന്റ്, 3 സെന്റ്, 5 സെന്റ്, 7½ സെന്റ്, 10 സെന്റ് എന്നിവയാണവ. |

| | |
|---|---|
| | 2. അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഉണ്ടാകേണ്ട വിദ്യാഭ്യാസം, ആശയ വിനിമയത്തിനുള്ള കഴിവുകൾ ഉത്തരവാദിത്വങ്ങൾ എന്നിവ എന്തൊക്കെയാണെന്ന് വ്യക്തമാക്കുന്നു.<br>3. ഒരു മോഡൽ അങ്കണവാടിയുടെ എല്ലാ പ്രവർത്തനങ്ങളെക്കുറിച്ചും അടിസ്ഥാനപരമായും സൂക്ഷ്മമായും പരാമർശിക്കുന്നു.<br>4. പ്രീ-സ്കൂൾ ചുറ്റുപാടിനെക്കുറിച്ചും small and large group പ്രീ-സ്കൂൾ പ്രവർത്തനങ്ങൾ ECCE കരിക്കുലത്തിലൂടെ എങ്ങനെ നടപ്പിലാക്കാം എന്നതിനെക്കുറിച്ചും വിശദീകരിക്കുന്നു.<br>5. കുട്ടിക്ക് എഴുതാനും വായിക്കാനും കണക്കുകൾ കൈകാര്യം ചെയ്യാൻ കഴിവുകൾ ഉണ്ടാകുന്ന സമയത്ത് അത് കണ്ടെത്തി അവയെ വേണ്ടുന്ന തരത്തിൽ ശാസ്ത്രീയവും സിസ്റ്റമാറ്റിക്കുമായ പഠനോപകരണങ്ങൾ ഉപയോഗിച്ച് പഠിക്കാൻ അവരെ പ്രാപ്തരാക്കുന്നു.<br>6. കൂടാതെ കുട്ടിയുടെ വളർച്ചയും വികാസവും ശാസ്ത്രീയമായ രീതിയിൽ CDC-യുടെ ഗ്രോത്ത് മോണിറ്ററിംഗ് ടൂൾസ് ഉപയോഗിച്ച് നിരീക്ഷണത്തിന് വിധേയമാക്കുകയും എല്ലാ വിധ വൈകല്യങ്ങളും നേരത്തെതന്നെ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ സൂക്ഷ്മമായി വിശദീകരിക്കുകയും ചെയ്യുന്നു. |
| (സി) പ്രീ സ്കൂൾ കുട്ടികൾക്ക് യൂണിഫോം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) അങ്കണവാടി പ്രീ-സ്കൂൾ കുട്ടികൾക്ക് യൂണിഫോം അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുന്നില്ല. എന്നിരുന്നാലും സംസ്ഥാന സർക്കാർ ഇത്തരത്തിൽ സൗജന്യമായി യൂണിഫോം അനുവദിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചു വരുന്നു. |

| | |
|---|---|
| (ഡി) കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് ഊന്നൽ നൽകുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയുള്ള പാഠ്യപദ്ധതി പ്രീ സ്കൂളുകൾക്കായി തയ്യാറാക്കിയിട്ടുണ്ടോ? | (ഡി) ഉണ്ട്. |

സെക്ഷൻ ഓഫീസർ